സ്വാശ്രയ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച നിയമ നിർമ്മാണം

62 (2970) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 14-2-2011-ലെ ജി.ഒ (എം എസ്.) നമ്പർ36/11/പൊ.വി.നമ്പർ ഉത്തരവ് പ്രകാരം അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7000 രൂപയും എച്ച്.എസ്.എ.യ്ക്ക് 6000 രൂപയും പ്രൈമറി ടീച്ചർക്ക് 5000 രൂപയും ക്ലർക്കിന് 4000 രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 3500 രൂപയും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അൺഎയ്ഡഡ് സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിലെ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും മിനിമം വേജസ് ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി നിയമനിർമ്മാണം നടത്തുന്നതുസംബന്ധിച്ച വിഷയം നിയമവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി

63 (2971) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിപ്രകാരം എത്ര കുട്ടികൾക്ക് പ്രയോജനം ലഭിക്കും ;

(ബി) ഹയർസെക്കന്ററിതലത്തിൽ എപ്രകാരമുള്ള പ്രിശീലനം നടത്താനാണ് വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) തസ്തിക നിർണ്ണയത്തിൽ അധികമായി കണ്ടെത്തിയ അദ്ധ്യാപകരെ പ്രസ്തുത പദ്ധതിക്ക് കീഴിൽ പുനർ-വിന്യസിക്കുവാൻ വിദ്യാഭ്യാസവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2012-18 കാലഘട്ടത്തിൽ 3.1 ലക്ഷം വിദ്യാർത്ഥികൾക്ക് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കും.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന ഹയർസെക്കന്ററി, കോളേജ് വിദ്യാർത്ഥികൾക്ക് 100 മണിക്കൂർ ദൈർഘ്യമുള്ള ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, 80 മണിക്കൂർ

LIBRARY ARCHIVES Kerala Legislative Assembly

ദൈർഘ്യമുള്ള വിവരസാങ്കേതികവിദ്യ എന്നീ പരിശീലനങ്ങളും വൈവിദ്ധ്യമാർന്ന തൊഴിൽ നൈപുണ്യപരിശീലനവും നൽകുന്നതിലൂടെ അവരെ തൊഴിൽ മേഖലകളിൽ ജോലി നേടാൻ പര്യാപ്തരാക്കുക എന്നതാണ് അസാപ് പദ്ധതിയുടെ ഉദ്ദേശ്യം.

(സി) ഇല്ല.

സീമാറ്റ് കേരളയിൽ നടക്കുന്ന പരിശീലന പരിപാടി

64 (2972) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സീമാറ്റ് കേരളയിൽ നടക്കുന്ന പരിശീലന പരിപാടികളിൽനിന്നും അക്കാഡമിക് സ്റ്റാഫിനെ ഒഴിവാക്കി മുൻ ജീവനക്കാരെക്കൊണ്ട് അവർക്ക് പ്രതിഫലം നൽകി ക്ലാസ്സുകൾ എടുപ്പിക്കുന്നതായും പരിശീലനം സംബന്ധിച്ച രേഖകൾ സംഗ്രഹിച്ചുവയ്ക്കുന്നില്ലായെന്നും പ്രതിഫലം നൽകുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലും വൻ ക്രമക്കേട് നടക്കുന്നതായും അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചത് എന്ന് ഇനം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

സീമാറ്റ്-കേരളയിൽ നടക്കുന്ന പരിശീലനപരിപാടികളിൽ ക്ലാസ് എടുക്കുന്നതിൽനിന്നും മുൻഡയറക്ടർ സ്റ്റാഫിനെ ഒഴിവാക്കിയിരുന്നു. എന്നാൽ ഇപ്പോഴത്തെ ഡയറക്ടർ നിലവിലുള്ള അക്കാഡമിക് സ്റ്റാഫിനെക്കൊണ്ട് പരിശീലന പരിപാടികളിൽ ക്ലാസ് എടുപ്പിക്കുന്നു. മാത്രവുമല്ല, പരിശീലന പരിപാടികളുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ ആയും അക്കാഡമിക് സ്റ്റാഫ് പ്രവർത്തിച്ചുവരുന്നു. മാനേജ്മെന്റ് പരിശീലനപരിപാടികളിൽ ക്ലാസ് എടുക്കുന്നതിനായി IMG ഫാക്കൽറ്റികളെയും അതാതു മേഖലകളിലെ വിദഗ്ധരെയും നിയോഗിച്ചുവരുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ള റമ്യൂണറേഷനാണ് അവർക്കു നൽകിവരുന്നത്. അവരിൽനിന്നും TDS പിടിച്ച് സർക്കാരിലേക്ക് അടച്ചുവരുന്നു. പരിശീലനം സംബന്ധിച്ചരേഖകൾ അതാതു വൗച്ചറുകളിൽ കൃത്യമായി സംഗ്രഹിച്ചുവയ്ക്കുകയും ഇന്റേണൽ ആഡിറ്റ് ചെയ്തും വരുന്നു. അതത് പരിശീലന പരിപാടികൾക്കുള്ള സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, തിരുവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോർ, പ്രിമിയർ ഓഫീസ് എക്യൂപ്മെന്റ്സ്, സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly